# ക്രൈം കൗൺസിലിങ് ക്ലാസ് സംഘടിപ്പിച്ചു

പാലക്കാട്: കുറ്റകൃത്യങ്ങൾക്ക് ഇരയാവുന്നവരുടെ മാനസിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നവർക്കായി ക്രൈം കൗൺസിലിങ് ക്ലാസ് സംഘടിപ്പിച്ചു. കുടുംബശ്രീയുമായി ചേർന്ന് നീതികിരണം പദ്ധതിയുടെ ഭാഗമായാണ് കൗൺസിലിങ് ക്ലാസ് സംഘടിപ്പിച്ചത്. ജില്ലാ കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന പരിപാടിയിൽ വിശ്വാസ് സെക്രട്ടറിയും പാലക്കാട് പബ്ലിക് പ്രോസിക്യൂട്ടറുമായ പ്രേം നാഥ് ക്ലാസെടുത്തു. കുറ്റകൃത്യങ്ങളിൽ ഇരയാവുന്നവരുമായി എങ്ങനെ ഇടപെടണമെന്നും ഇതിന്റെ നിയമവശങ്ങളെ കുറിച്ചെല്ലാം അദ്ദേഹം ക്ലാസെടുത്തു.

കുറ്റകൃത്യങ്ങളിൽ ഇരയാവുന്നവരുടെ ക്ഷേമത്തിനു വേണ്ടി പ്രവർത്തിക്കുന്ന വിശ്വാസും നീതി നിർവഹണ സംവിധാനത്തിനെ കുറിച്ച് പൊതുജനങ്ങൾക്ക് ബോധവത്കരണവും നിയമ സഹായങ്ങളും നൽകുവാനുമായി പ്രവർത്തിക്കുന്ന ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയും നേതൃത്വം കൊടുക്കുന്ന പദ്ധതിയാണ് നീതികിരണം.

കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ സെയ്തലവി അധ്യക്ഷനായ പരിപാടിയിൽ കുടുംബശ്രീ സ്നേഹിത സ്റ്റാഫ്, കമ്മ്യൂണിറ്റി കൗൺസിലേഴ്സ്, ഡി.ഡി.യു.ജി.കെ സ്റ്റുഡന്റ് കൗൺസിലേഴ്സ് എന്നിവർ ക്ലാസിൽ പങ്കെടുത്തു.




ക്രൈം കൗൺസിലിങ് ക്ലാസ് വിശ്വാസ് സെക്രട്ടറിയും പാലക്കാട് പബ്ലിക് പ്രോസിക്യൂട്ടറുമായ പ്രേംനാഥ് ക്ലാസ് എടുക്കുന്നു